# എന്റെ ഗ്രാമത്തിൽ

കവിത

തമ്പി ആന്റണി.

എത്തി ഞാനീഗ്രാമത്തിൽ വീണ്ടും
പുത്തരി ചോറുണ്ടുറങ്ങുവാൻ
ഉച്ച വെയിലിലിലാടിത്തളരുന്ന
പച്ച നെൽക്കതിർ കാണുവാൻ

ഇന്നലത്തെപോലെയോർക്കുന്നു
ഞാനന്നൊരു നാളിലാ
കുന്നിൻ ചെരുവിൽ
പൊന്നമ്പലത്തിൻ മുറ്റത്ത്
കുന്നിമരക്കൊമ്പിലൂഞ്ഞാലു കെട്ടി
ആടിക്കളിച്ചതും
പച്ചമാങ്ങ പറിക്കുവാൻ
ഉച്ച നേരത്തോടിയതും
അരമതിൽ ചാടിക്കടന്നപ്പോൾ
അഴകനെന്നോമനപ്പേരുള്ളൊരു
പാണ്ടി നയോടിച്ചിട്ടു കടിച്ചതും
സൈക്കിളോട്ടം പഠിക്കുവാ
നേട്ടനെക്കൂട്ടിയങ്ങു ദൂരെ
അമ്മവീട്ടിൽ പോയതും
കൂട്ടുകാരൊത്തു കൂടിയാ
നാൽക്കവലയിൽ
അരിയാസു വട്ടുകളിച്ചതും
വാതു വച്ചതും
വീട്ടിലോടിക്കിതച്ചെത്തിയോരെന്നെ
നാട്ടുകാർ കേൾക്കെയപ്പൻ
പുലഭ്യം പറഞ്ഞതും .... ...
ഓർത്തു പോകുന്നു ഞാൻ
എന്തിനെത്തിയീ ഗ്രാമത്തിൽ
ഉമ്മറത്തെന്നെയും കാത്തിരിക്കുന്ന
ഒരമ്മയെ കാണുവാൻ മാത്രമോ?